TIMBER—GRANT OF

409. മിസ്റ്റർ കെ. എ. രാഘവൻ: താഴെ എഴുതുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവൺമെണ്ടിൽനിന്നും സദയം മറുപടി പറയുമോ.—

(എ) ചീഫ് ജസ്റ്റീസ് മിസ്റ്റർ കൃഷ്ണസ്വാമി അയ്യങ്കാക്ക ഗവൺമെണ്ട ഡിപ്പോവിൽ നിന്നും ൧൦൦ കണ്ടി തേക്ക സൌജന്യമായി നൽകപ്പെട്ടകയുണ്ടായിട്ടുണ്ടോ;

(ബി) എന്താവശ്യത്തിലേക്കാണ് ഈ സൌജന്യം നൽകപ്പെട്ടത്;

(സി) വീട്ട പണിക്കാണെങ്കിൽ കൊച്ചിയിൽ പണിയുന്നതിനൊ കൊച്ചീക്ക വെളിയിൽ പണിയുന്നതിനൊ;

(ഡി) ഗവൺമെണ്ട നിരക്കിൽ വില കൊടുക്കുമെന്നുവെച്ചാൽ ആക്കും തേക്കുതടി നൽകുത്തക്കവണ്ണം ഗവൺമെണ്ട ഡിപ്പോവുകളിൽ അവ സ്റ്റോക്കുണ്ടോ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി:

(എ) ഇല്ല.

(ബി) ഏ-ക്കുള്ള ഉത്തരംകൊണ്ട് ഇതിനു ഉത്തരം ആവശ്യമില്ല.

(സി) എ-ക്കുള്ള ഉത്തരംകൊണ്ട് ഇതിനു ഉത്തരം ആവശ്യമില്ല.

(ഡി) സ്റ്റോക്ക് അന്വേഷിച്ചു കൊടുക്കപ്പെടും.

EXECUTIVE ENGINEERS—APPOINTMENT OF

410. Mr. P. Kumaran Ezhuthassan *(Vadakkancheri):* Will Government be pleased to state.—

(*a*) when was the idea of having Executive Engineers in the State conceived by the Government and when the decision to have them made;

(*b*) has the expenditure in connection with the appointment of Executive Engineers and their staff been included in the Budget for 1122;

(*c*) if the answer to (*b*) is in the negative how was the expenditure in this behalf met for the year 1122;

(*d*) has the sanction of the Council been obtained for this expenditure and if so; when;

(*e*) how many Executive Engineers were at first appointed; what is their number at the end of 1122;

(*f*) what is the qualification prescribed for an Executive Engineer?

Rao Sahib K. Ayyappan *(Minister for Public Works):*

(*a*) The Chief Engineer submitted a proposal to Government for creation of Executive Engineers' posts on 20th June 1946. The orders creating the posts of the Executive Engineers were issued on 15th August 1946.

(*b*) No.

(*c*) The expenditure is being met from the allotment sanctioned for the P.W.D. under establishment charges for the year 1122.

(*d*) Yes. In this Session.

(*e*) 4. 3 Executive Engineers for P.W.D. and 1 for Poringalkuthu Hydro-Electric construction works.

4 Executive Engineers for P.W.D. and 2 for Poringalkuthu Hydro-Electric construction works.

(*f*) Degree in Engineering.

Mr. P. Kumaran Ezhuthassan *(Vadakkancheri):* May I know, Sir, whether anyone of these 6 Executive Engineers now functioning is without the degree qualifications mentioned in *(f)*?

റാവു സാഹിബ് കെ. അയ്യപ്പൻ: രണ്ട പേരുണ്ട്.

Mr. P. Kumaran Ezhuthassan *(Vadakkancheri):* How is it Sir, that such men are entertained when a qualification is laid down, How is that two persons are entertained who have not got the prscribed qualification?

റാവു സാഹിബ് കെ. അയ്യപ്പൻ: അതിൽ ഒരാൾ വളരെ എക്സ്പീരിയൻസുള്ള ആളാണ്. ഫോറിൻ എക്സ്പീരിയൻസും അദ്ദേഹത്തിനുണ്ട്. ചീഫ് എൻജിനീയർ ശിപാർശ ചെയ്തതനുസരിച്ചാണ് ആ ആളെ വെച്ചത്? അതു കൂടാതെ പല ഡിപ്ലോമയും ഉണ്ട്. ഇതിനുമുള്ള നിയമമനുസരിച്ച് എക്സിക്യൂട്ടീവ് എൻജിനീയരുടെ പോസ്റ്റ് കിട്ടുന്നതിന് ആ ഡിപ്ലോമ മതി. ആ ആൾ ഇന്നത്തെ നിയമത്തിൽനിന്ന് ഒഴിവാക്കണമെന്ന് പറഞ്ഞ അപേക്ഷ അയച്ചതനുസരിച്ച് അപ്രകാരം ചെയ്തുവെന്നു മാത്രമേയുള്ളു.

LIBRARY ARCHIVES Kerala Legislative Assembly

Mr. P. Kumaran Ezhuthassan *(Vadakkancheri)*: There'ore, am I to understand Sir, that answer to *(f)* does not hold good, as far as our service is concerned, that is degree in Engineering is required?

Rao Sahib K. Ayyappan *(Minister for Public Works)*: There will be exceptions to every rule.

Mr. P. Kumaran Ezhuthassan *(Vadakkancheri)*: Is it under the rule of exemptions Sir, that these two gentlemen are appointed?

Rao Sahib K. Ayyappan *(Minister for Public Works)*: It is under peculiar circumstances.

Mr. P. Kumaran Ezhuthassan *(Vadakkancheri)*: What are the peculiar circumstances please?

റാവു സാഹിബ്ബ് കെ. അയ്യപ്പൻ: മദ്രാസ്സിൽ എക്സ്സികൂട്ടീവ് ഇൻജിനീയറായിട്ട പ്രൊമോഷന്നു് ഡിപ്ലോമ ഉണ്ടായാൽ മതി. ഈ ആളെ ആദ്യം നാലു എക്സ്സികൂട്ടീവ് എൻജിനീയർമാരെ ശുപാർശ ചെയ്യപ്പോഠംതന്നെ ശുപാർശ ചെയ്തിരുന്നതാണു്. അന്നാണു് ഡിഗ്രി വേണമെന്നു് വെച്ചതു്. ഒരു ഹാർഡ് കേസ്സാണെന്നു കണ്ടിട്ടാണു് ഡിഗ്രി ചട്ടത്തിൽ നിന്നു എക്സംപ്ഷൻ കൊടുത്തതു്.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: എക്സ്സികൂട്ടീവ് എൻജിനീയർമാക്ക ഇന്നിന്ന കപാളിഫിക്കേഷൻ വേണമെന്നു് തീർച്ചയാക്കിയതിന്നു ശേഷമല്ലേ ഈ ആളെ വെച്ചിട്ടുള്ളതു്?

റാവു സാഹിബ്ബ് കെ. അയ്യപ്പൻ: അതെ.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: പിന്നെ എന്തുകൊണ്ടാണു് പത്തുമാസം കഴിഞ്ഞപ്പോഠം ആ നിയമം മാറ്റിയതു്?

റാവു സാഹിബ്ബ് കെ. അയ്യപ്പൻ: മദ്രാസ്സിൽ എക്സ്സികൂട്ടീവ് എൻജിനീയർമാക്ക ഇദ്ദേഹത്തിന്നുള്ള കപാളിഫിക്കേഷൻ മതി. ആ നിലവെച്ചു് ഈ കാര്യം എടുത്തുവെന്നു് മാത്രമേയുള്ളു.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: ഈ തസ്തികക്കു് എൻജിനീയറിംഗ് ഡിഗ്രി വേണമെന്നു് തീരുമാനിച്ച സമയത്തു് മദ്രാസ്സിൽ ഇങ്ങിനെ ഒരു നിയമം ഉള്ളതായിട്ട് ഗവമ്മെണ്ടിന്നു് നിശ്ചയം ഉണ്ടായിരുന്നില്ലേ?

റാവു സാഹിബ്ബ് കെ. അയ്യപ്പൻ: ഉണ്ടായിരുന്നു.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: അപ്പോഠം എൻജിനീയറിംഗ് ഡിഗ്രി വേണമെന്നു് പറയുകയും, പിന്നെ അതു് വേണ്ടെന്നു് വെക്കുകയും ചെയ്യാനുള്ള കാരണമെന്താണു്?

റാവു സാഹിബ്ബ് കെ. അയ്യപ്പൻ: ആ ആഠംക്കു് ഈ ഉദ്യോഗം കിട്ടുവാൻ അവകാശം ഉണ്ടായിരുന്ന അവസരത്തിൽ അദ്ദേത്തെക്കാഠം ജൂനിയർ ആയിട്ടുള്ള വേറെ ആളെ നിയമിക്കുകയാണു് ചെയ്തിട്ടുള്ളതു്. അങ്ങിനെ ഒരിക്കൽ അദ്ദേഹത്തിന്റെ അവകാശം അവഗണിച്ചിട്ടുള്ളതുകൊണ്ടും അതിന്നു ഒരു പരിഗണന കൊടുക്കേണ്ടതു് ന്യായമാണെന്നു് തോന്നിയതുകൊണ്ടും വെച്ചതാണു്.

മിസ്റ്റർ കെ. എസ്സ് പണിക്കർ: ഡിപ്ലോമയുള്ള ആളുടെ അവകാശത്തെ അവഗണിച്ചു് അദ്ദേഹത്തിന്റെ ജൂനിയറായ ഒരാളെ വെക്കുന്നതിന്നു വേണ്ടിയല്ലെ ഡിഗ്രി വേണമെന്നുള്ള നിയമം ഉണ്ടാക്കിയതു്?

റാവു സാഹിബ്ബ് കെ. അയ്യപ്പൻ: അല്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: മദ്രാസ്സിൽ ഈ ഡിഗ്രിയും ഡിപ്ലോമയും തമ്മിൽ ഉദ്യോഗനിയമനത്തിലൊ പ്രമോഷൻ കൊടുക്കുന്നതിലൊ വല്ല വ്യത്യാസവും വെച്ചിട്ടുണ്ടൊ?

റാവു സാഹിബ്ബ് കെ. അയ്യപ്പൻ: അതു് പ്രമോഷനെ സംബന്ധിച്ചേടത്തോളം വ്യത്യാസമില്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: മദ്രാസിൽ പ്രമോഷൻ കൊടുക്കുന്ന കാര്യത്തിൽ ഡിപ്ലോമയും, ഡിഗ്രിയും തമ്മിൽ വ്യത്യാസമില്ലെങ്കിൽ കൊച്ചിയിൽ എക്സ്സികൂട്ടീവ് എൻജിനീയർമാക്ക ഡിഗ്രി വേണമെന്നു് പ്രത്യേകം പറയുവാനുള്ള കാരണം എന്താണു്?

റാവുസാഹിബ്ബ് കെ. അയ്യപ്പൻ: എക്സ്സികൂട്ടീവ് എൻജിനീയറായിട്ടുവെക്കുന്ന ആളുകൾക്ക ഡിഗ്രി ഉണ്ടായാൽ കൊള്ളാമെന്നു തോന്നിയതുകൊണ്ടു് ചെയ്തതാണു്.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. എസ്സ്. പണിക്കർ: എന്നാണ് തോന്നിയതു"? ഈ ഡിപ്ലോമയുള്ള ആളുടെ ജൂനിയറായിട്ടുള്ള ഒരാളെ എക്സിക്യൂട്ടീവ് എൻജിനീയറായിട്ട വെച്ചുവല്ലൊ അദ്ദേഹത്തിന്റെ സീനിയോറ്റി പോകാതെയിരിക്കുന്നതിനു വേണ്ടിയാണോ ഡിഗ്രി വേണമെന്നുള്ള ഈ പുതിയ വ്യവസ്ഥയുണ്ടാക്കിയതു"?

റാവുസാഹിബ് കെ. അയ്യപ്പൻ: അല്ല.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: ഇങ്ങിനെ അദ്ദേഹത്തിന്റെ സങ്കടനിവൃത്തി വരുത്തീട്ടും പിന്നേയും അവസരം വന്നപ്പോൾ അദ്ദേഹത്തിനു കല്പന കൊടുക്കുകയുണ്ടായിട്ടുണ്ടോ?

റാവുസാഹിബ് കെ. അയ്യപ്പൻ: അദ്ദേഹത്തിനു എക്സംപ്ഷൻ കൊടുക്കുകയാണു ചെയ്തിട്ടുള്ളതു".

മിസ്റ്റർ പി. എ. മുഹമ്മദ് അഷ്റഫ്": പ്രൊമോഷന്റെ കാര്യത്തിൽ കമ്മ്യൂണിക്കേഷൻ കുറഞ്ഞാലും വിരോധമില്ലെന്നു പറഞ്ഞുവല്ലൊ. എന്നാൽ കമ്മ്യൂണിക്കേഷൻ കുറഞ്ഞ ആളുകളെ ആരെയെങ്കിലും എക്സിക്യൂട്ടീവു ഇഞ്ചിനീയരായി വെച്ചിട്ടുണ്ടോ?

റാവുസാഹിബ് കെ. അയ്യപ്പൻ: ചീഫ് എൻജിനീയരുടെ ശുപാർശയനുസരിച്ചു പെരിങ്കൽ കത്തിൽ വെച്ചിട്ടുണ്ടു".

മിസ്റ്റർ കെ. എസ്സ്. പണിക്കർ: അദ്ദേഹം ഹൈഡ്രോ എലക്ട്രിക്ക വക്കിൽ പരിചയിച്ചിട്ടുള്ള ആളാണോ?

റാവുസാഹിബ് കെ. അയ്യപ്പൻ: അദ്ദേഹത്തിന്റെ കമ്മ്യൂണിക്കേഷൻ നോക്കുകയാണെങ്കിൽ ഫ്ര ഇനത്തിൽ പരിചയം സിദ്ധിച്ചിട്ടുള്ള ആളാണു". ഫോറിൻ എക്സ്പീരിയൻസ്സും ഉണ്ടു". പെരിങ്കൽകത്തിൽ പ്രധാനമായിട്ട അവിടത്തെ പണിക്ക പറവന്ന ആളാണെന്നു ചീഫ് എൻജിനീയർ റക്കമെൻറ ചെയ്യുകയാണെങ്കിൽ അതു സ്വീകരിക്കുകയാണു പതിവു".

മിസ്റ്റർ പി. നാരായണമേനോൻ: ഈ നിയമനം നടത്തിയതു അദ്ദേഹത്തിന്റെ ഹർജ്ജി കിട്ടിയപ്പോൾ അതൊരു Hard case ആണെന്നു വിചാരിച്ചിട്ട ചെയ്തതാണെന്നു പറഞ്ഞു. അതു ശരിയാണോ?

റാവുസാഹിബ് കെ. അയ്യപ്പൻ: ഹർജ്ജി കിട്ടിയതുകൊണ്ടുമാത്രമാണു അങ്ങിനെ ചെയ്തതു".

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഈ ഡിപ്ലോമ മാത്രമുള്ള എക്സിക്യൂട്ടീവ് എൻജിനീയർ, അസിസ്റ്റാണ്ട് എൻജിനീയറായിരുന്നപ്പോൾ അദ്ദേഹത്തിന്റെ കീഴിൽ ഓവർസീയറായിരുന്ന ആളെല്ലെ ഡിഗ്രിഹോൾഡറാണെന്ന നിലക്കു ആദ്യം എക്സിക്യൂട്ടീവു എഞ്ചിനീയറായി നിയമിക്കപ്പെട്ടതു"?

റാവുസാഹിബ് കെ. അയ്യപ്പൻ: നോട്ടീസ്സ് വേണം.

മിസ്റ്റർ പി. നാരായണമേനോൻ: പെരിങ്കൽകത്തിൽ വെച്ചിട്ടുള്ള ആൾക്കു ഫോറിൻ എക്സ്പീരിയൻസ്സും മറവും ഉണ്ടെന്നു പറഞ്ഞുവല്ലൊ. അതു എന്താണെന്നു അറിഞ്ഞാൽ കൊള്ളാം?

റാവുസാഹിബ് കെ. അയ്യപ്പൻ: ചീഫ് എൻജിനീയക്കു പറ്റിയ ആളാണെന്നു ബോദ്ധ്യമായതുകൊണ്ടാണു വെച്ചതു".

മിസ്റ്റർ പി. കെ. പോറ്റി: പത്തു പതിനൊന്നുകൂട്ടം പരീക്ഷകളിൽ പ്രാമാണ്യമുള്ള എക്സിക്യൂട്ടീവ് എൻജിനീയറുള്ളപ്പോൾ ആഫീസ്സിലുള്ള എക്സിക്യൂട്ടീവ് എൻജിനീയർ എന്തിനാണു?

റാവുസാഹിബ് കെ. അയ്യപ്പൻ: ആവശ്യം അനുസരിച്ചു ഓരോരുത്തരെ അവിടെ വെക്കുകയാണു ചെയ്യുന്നതു. പിന്നെ രണ്ടാമതു ആവശ്യം വന്നപ്പോഴാണു ഇദ്ദേഹത്തെ വെച്ചതു. ഇനി ഒരു പോസ്റ്റുകൂടി സാങ്ക്ഷനായിട്ടുണ്ടു".

മിസ്റ്റർ പി. നാരായണമേനോൻ: ഫോറിൻ എക്സ്പീരിയൻസ്സുള്ള ആളെ വെച്ചേ കഴിയുവെന്നു നിർബന്ധമുണ്ടോ?

റാവുസാഹിബ് കെ. അയ്യപ്പൻ: ഇവിടെ ആളെ ആവശ്യമുണ്ടു". അതിനു പറ്റിയ ആളെ കിട്ടിയപ്പോൾ വെച്ചുവെന്നു മാത്രമേയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: ഇദ്ദേഹത്തിന്റെ ഉദ്യോഗത്തിൽവെച്ചുകൊണ്ടു എക്സ്റ്റെൻഷൻ കൊടുത്തോ, അതോ ഉദ്യോഗത്തിൽ വെക്കുന്നതിന്റെ മുമ്പ് എക്സ്റ്റെൻഷൻ കൊടുത്തുവോ?

റാവുസാഹിബ് കെ. അയ്യപ്പൻ: എക്സ്റ്റെൻഷൻ മുമ്പുതന്നെ കൊടുത്തു.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: സർ, ഇതു് ഗവണ്മെണ്ടു് ആലോചിക്കുവാൻ തുടങ്ങിയതു് ജൂൺ 1 0-ാംനു-യാണെന്നു പറഞ്ഞു. ആഗസ്റ്റ് 1 8-ാംനു-യാണു് ഇതു് വേണമെന്നുള്ളതു് നിശ്ചയിച്ചിട്ടുള്ളതു്. അപ്പോൾ രണ്ടുമാസത്തോളം സമയമുണ്ടു്. അതിനിടയ്ക്കു് 1 1-ലെ ബഡ്ജറ്റ് സെഷൻ ഉണ്ടായിരുന്നുവോ?

മിസ്റ്റർ കെ. ഗോവിന്ദമേനോൻ: ഉണ്ടായിരുന്നു.

മിസ്റ്റർ പി കുമാരനെഴത്തശ്ശൻ: അപ്പോൾ അതിൽ ജനപ്രതിനിധികളുടെ അഭിപ്രായം അറിയുന്നതിനു ഈ വിഷയംകൊണ്ടു വരാതെയിരിക്കുവാൻ വല്ല പ്രത്യേക കാരണവുമുണ്ടോ?

മിസ്റ്റർ കെ. ഗോവിന്ദമേനോൻ: ബഡ്ജറ്റ് സെഷനു ശേഷമാണു് ഇതു വേണമോ, വേണ്ടയോ എന്നുള്ള കാര്യം തീച്ചയാക്കിയതു്.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: എന്താണു് അതു് ബഡ്ജറ്റ്സെഷനിൽ വെക്കാതെയിരുന്നതെന്നു് പറയാമോ?

റാവുസാഹിബ് കെ. അയ്യപ്പൻ: ബഡ്ജറ്റെല്ലാം പ്രിപ്പയർ ചെയ്യുന്നതിനുശേഷമല്ലെ ഈ കാര്യം വരുന്നതു്?

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: എക്സിക്യൂട്ടീവ് എൻജിനീയർമാരെ വെച്ചപ്പോൾ, ഇവിടെനിന്നും വാർസവ്വീസ്സിന്നു് പോയിട്ടുള്ള ഒരാളുടെ സവ്വീസ്സും ക്ലെയിമും ഓവർലുക്ക് ചെയ്തിട്ടുണ്ടോ?

റാവുസാഹിബ് കെ. അയ്യപ്പൻ: മിസ്റ്റർ റാംകുമാർ എന്നു് ഒരാളുണ്ടു്. വാസ്തവത്തിൽ അദ്ദേഹത്തിനു് ഈ പോസ്റ്റിനു് അവകാശമുണ്ടു്.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: എന്നാൽ ആ അവകാശം അവഗണിച്ചതു് പരിഗണിക്കുവാൻ ഗവണ്മെണ്ടിനു് ഭയവുണ്ടാകുമോ. അയാൾക്കു് കാളിഫിക്കേഷനൊക്കെയുണ്ടു്. വാർസവ്വീസ്സിനു് പോയിട്ടുള്ള ആളുമാണു്.

റാവുസാഹിബ് കെ. അയ്യപ്പൻ: അദ്ദേഹം വരികയില്ലെന്നായിരുന്ന ഗവണ്മെണ്ടിന്റെ അറിവു്. ഇവിടത്തെക്കാൾ നല്ല ജോലി അദ്ദേഹത്തിനു് അവിടെകിട്ടുമെന്നു് അറിഞ്ഞതുകൊണ്ടാണു് അങ്ങിനെചെയ്തതു്.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: എക്സിക്യൂട്ടീവ് എൻജിനീയർമാരെ അപ്പോയിന്റു് ചെയ്തകഴിഞ്ഞതിനുശേഷം വാർസവ്വീസ്സിൽപോയിട്ടുള്ള ആളെ കൺഫേം ചെയ്തിട്ടുണ്ടോ?

റാവുസാഹിബ് കെ. അയ്യപ്പൻ: ഉണ്ടു്.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: അപ്പോൾ ഇയാളെ എക്സിക്യൂട്ടീവ് എൻജിനീയരായിട്ടു് കൺഫേം ചെയ്യേണ്ടതല്ലേ?

റാവുസാഹിബ് കെ. അയ്യപ്പൻ: ആ കാര്യത്തിൽ ഇതുവരെ ഒരു പരാതിവന്നിട്ടില്ല.

മിസ്റ്റർ കെ എസ്സ്. പണിക്കർ: എക്സിക്യൂട്ടീവ് എൻജിനീയരായിട്ടു് നിയമിക്കപ്പെട്ട ഡിഗ്രിഹോൾഡറെ അസിസ്റ്റാൻറ് എൻജിനീയരായി കൺഫേം ചെയ്തിട്ടുണ്ടോ?

റാവുസാഹിബ് കെ. അയ്യപ്പൻ: നോട്ടീസ്സു് വേണം.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: അസിസ്റ്റണ്ടു് എൻജിനീയറായിട്ടു് അഞ്ചുകൊല്ലത്തിൽ കൺഫേം ചെയ്ത മിസ്റ്റർ റാംകുമാറും, എക്സിക്യൂട്ടീവ് എൻജിനീയറായിട്ടു് കൺഫേംചെയ്ത കല്ലുക്കാരനുമായിട്ടു് നോക്കിയാൽ ആരാണു് സീനിയർ?

റാവുസാഹിബ് കെ. അയ്യപ്പൻ: നോട്ടീസ്സു് വേണം.

ESSENTIAL NEEDS OF THE PEOPLE OF MULAVUKAD.

411. Mrs. T. Francis *(Ernakulam-Women)*: Will Government be pleased to state whether there is adequate provision for the following essential needs of the people of Mulavukad.—

(*a*) good drinking water;

(*b*) latrines;

LIBRARY ARCHIVES Kerala Legislative Assembly